**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5019** **20-07-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ മടയം തോട് പ്രദേശവാസികൾക്കുള്ള പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിലെ കോമളപുരം വില്ലേജ് പരിധിയിലുള്ള മടയം തോട് പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ കോമളപുരം വില്ലേജിൽപെട്ട മടയംതോട് പ്രദേശത്തെ 120 പേരിൽ 14 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശത്ത് താമസിക്കുന്നവരിൽ നിലവിൽ എത്രപേർക്കാണ് പട്ടയം ലഭിച്ചതെന്നും ഇനി എത്രപേർക്ക് പട്ടയം ലഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ കോമളപുരം വില്ലേജിൽപെട്ട മടയംതോട് പ്രദേശത്തെ 120 പേരിൽ 14 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ആൾക്കാർക്ക് പട്ടയം നൽകാൻ സത്വര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | ആറ്, തോട് പുറമ്പോക്കുകൾ പതിവിന് വിധേയമല്ലായെന്ന ബഹു.ഹൈക്കോടതിയുടെ 17233/1996 B നമ്പർ കേസിലെ 27.06.1997 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലും, മടയംതോട് കയ്യേറ്റവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)5756/2017 കേസിലെ 01.02.2021 ലെ വിധിന്യായ പ്രകാരം മടയംതോട് പുറമ്പോക്ക് ഭൂമി കൈയേറ്റം ഒഴിപ്പിച്ച് സർക്കാർ അധീനതയിലാക്കി സംരക്ഷിക്കുന്നതിന് ഉത്തരവായിട്ടുള്ള സാഹചര്യത്തിലും മടയംതോട് പ്രദേശത്തെ തോട് പുറമ്പോക്ക് വസ്തുവിലെ അതിരുകളളന്ന് തിട്ടപ്പെടുത്തി കല്ലുകൾ സ്ഥാപിച്ച് വസ്തുവിലെ കയ്യേറ്റങ്ങൾ അളന്നു തിട്ടപ്പെടുത്തി കൈവശക്കാരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി തോട് പുറമ്പോക്കിൽ താമസിക്കുന്നവർ വർഷങ്ങളായി അവിടെ വീട് വെച്ച് താമസിക്കുന്നതും വീട്ടുനമ്പർ ലഭിച്ച് റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ എന്നിവ സഹിതം താമസിച്ചു വരുന്നതുമാണ്. ബഹു.കോടതിയുടെ ഉത്തരവിന് വിരുദ്ധമാകാത്ത തരത്തിലും താമസക്കാരുടെ |

| | | | |
|---|---|---|---|
| | | | അവകാശങ്ങൾ സംരക്ഷിച്ചു കൊണ്ടും ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത് |

സെക്ഷൻ ഓഫീസർ